വൈദ്യുതി മേഖലയിൽ പിന്നോക്കം നിൽക്കുന്ന ജില്ലകൾ

5 [2755] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിലഭ്യതയുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത ജില്ലകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള ഏതെങ്കിലും പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ ജില്ലകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൈക്കൊണ്ട തീരുമാനങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഈ ജില്ലകളിൽ ആവശ്യമായ സബ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇടുക്കി, വയനാട്, മലപ്പുറം, പത്തനംതിട്ട, കാസർഗോഡ്.

(ബി) കേന്ദ്ര സർക്കാരിന്റെ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനയുടെ ഭാഗമായി പ്രസ്തുത ജില്ലകളിലെ ഇതുവരെയും വൈദ്യുതീകരിക്കാത്ത കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും, പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ ആർ.ഇ.സി.യിൽനിന്നും അനുമതി ലഭിക്കുകയും ചെയ്തു. പ്രധാനമന്ത്രിയുടെ ഗ്രാമോദയ യോജനപ്രകാരം ഈ ജില്ലകളിലെ പട്ടികജാതി, പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരികയുമാണ്.

(സി) പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി/ശക്തി വർദ്ധിപ്പിക്കൽ, പുതിയ ലൈൻ നിർമ്മാണം, നിലവിലുള്ള ലൈനുകളുടെ ശേഷി/ശക്തി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രസരണമേഖലയിൽ പ്രസ്തുത ജില്ലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

വൈദ്യുതി കണക്ഷന് കാത്തിരിക്കുന്ന അപേക്ഷകർ

6 [2756] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് പോസ്റ്റ് സ്ഥാപിച്ച് കണക്ഷൻ നൽകുന്നതിന് ഗാർഹിക ഉപഭോക്താക്കൾ എത്ര നാൾ കാത്തിരിക്കേണ്ടിവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നില തുടർന്നാൽ 2005 മാർച്ച് 31-ന് വൈദ്യുതി കണക്ഷന് സി. ഡി. അടച്ച ഒരു ഗാർഹിക ഉപഭോക്താവിന് എന്നത്തേക്ക് കണക്ഷൻ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷിച്ചാലുടൻ വൈദ്യുതി ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി എന്തെങ്കിലും നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ചില പ്രദേശങ്ങളിൽ 5 വർഷത്തോളം കാത്തിരിക്കേണ്ടിയിരുന്നു. എന്നാൽ ഇപ്പോൾ നടത്തിവരുന്ന ത്വരിതപ്രവർത്തനങ്ങളുടെ ഫലമായി 2007 അവസാനത്തോടെ എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ നിലവിലുള്ള ഉത്തരവനുസരിച്ച് 31-12-2003 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകൾ നൽകിവരുന്നു.

(സി) ഉപഭോക്താവ് സ്വന്തമായി തന്നെ ലൈനും മറ്റും സ്ഥാപിച്ച് 10% സൂപ്പർവിഷൻ ചാർജ്ജ് അടച്ചാൽ ഉടൻതന്നെ കണക്ഷൻ നൽകാനുള്ള പദ്ധതിയും എൽ. റ്റി. ഭൂഗർഭ കേബിൾ ഉപയോഗിച്ച് വൈദ്യുതി നൽകുന്ന പദ്ധതിയും നിലവിലുണ്ട്. റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി അയച്ച പദ്ധതിയിൽ ലൈൻ ആവശ്യമില്ലാത്ത കണക്ഷൻ ഒരു മാസംകൊണ്ട് ലഭ്യമാക്കുന്നതിനുള്ള ഒരു ശുപാർശ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗാർഹിക കണക്ഷൻ ലഭിക്കാത്ത അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ

7 [2757] *ശ്രീ. ജോണി നെല്ലൂർ:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ഷിബു ബേബി ജോൺ:*
,, *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷിച്ച് വർഷങ്ങൾ കാത്തിരുന്നിട്ടും ഗാർഹിക കണക്ഷൻ ലഭിക്കാത്ത അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറൽ വിഭാഗത്തിൽ എന്നുവരെ അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകുവാൻ കഴിഞ്ഞു;

(സി) ഈ കാലവിളംബത്തിന്റെ കാരണമെന്താണ്;

(ഡി) ഇത് ഒഴിവാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണ വിഭാഗത്തിൽ വെതർപ്രൂഫ് കണക്ഷനുകൾ സൗത്ത് സെൻട്രൽ മേഖലയിൽ 31-1-2005 വരെ അപേക്ഷിച്ചവർക്കും ഉത്തരമേഖലയിൽ 31-8-2004 വരെ അപേക്ഷിച്ചവർക്കും നൽകിയിട്ടുണ്ട്. പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകൾ 31-12-2003 വരെയുള്ള അപേക്ഷകർക്ക് നൽകാൻ നടപടികളെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly